# സർക്കാരും സംസ്കാരവും

സി. ജെ. തോമസ്



സർക്കാരും സംസ്കാരവും
സി. ജെ. തോമസ്
(മലയാളം: ലേഖനം)

© 2021, C. J. Thomas

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Stilleven met kaars, a painting by Karel Albert Schmidt (1880–1920). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# സർക്കാരും സംസ്കാരവും

സംസ്കാരത്തിന്റെ രംഗത്തെങ്കിലും ഈ ഉദ്യോഗസ്ഥ മേധാവിത്തം അവസാനിച്ചിരുന്നെങ്കിൽ എന്ന് പലപ്പോഴും ആശിച്ചിട്ടുണ്ട്. അവർക്ക് ഭാരിച്ച തുകകൾ ശമ്പളം കൊടുക്കുന്നതിൽ എനിക്ക് എതിരഭിപ്രായമില്ല. പക്ഷേ, അവർ റേഡിയോസ്റ്റേഷനിൽനിന്ന് അമ്പത് മൈലകലെയെങ്കിലും താമസിക്കണമെന്നേർപ്പാട്ട് ചെയ്താൽ മതി.

സകല സർക്കാരും, അതേത് വേദത്തെ പിടിച്ച് സത്യംചെയ്യുന്നതായാലും സംസ്കാരത്തിന്റെ ശത്രുക്കളായിരിക്കും എന്ന വിശ്വാസക്കാരനാണ് ഞാൻ. അങ്ങനെയിരിക്കെ ഈ ലേഖനത്തിനെന്ത് പ്രസക്തിയാണുള്ളതെന്ന് ഞാൻ എന്നോടു ചോദിച്ചുപോകുന്നു. തർക്കശാസ്ത്രപരമായി നീതീകരിക്കാവുന്ന യാതൊരു മറുപടിയും എനിക്ക് ആ ചോദ്യത്തിനില്ല. പിന്നെ എഴുതുന്നതെന്തിനാണെന്നല്ലേ? അതിന് രണ്ടു കാരണങ്ങളുണ്ട്. ഒന്ന്, ജനാധിപത്യപരമായ ഭരണസമ്പ്രദായത്തിൽ കലയ്ക്കും സംസ്കാരത്തിനും കുറച്ചൊരു പൊറുതികിട്ടുമെന്ന് ഒരു നേരിയ ആശ എന്നിൽ അവശേഷിക്കുന്നതുകൊണ്ട്. രണ്ടാമത്തെ കാരണം, പ്രയോജനത്തെ ലക്ഷ്യമാക്കിയുള്ളതല്ല. സാധാരണക്കാരന്റെ അജ്ഞതയും അശ്രദ്ധയും നമ്മുടെ സംസ്കാരത്തെ എത്രമാത്രം പുറകോട്ടു വലിക്കുന്നെന്ന് ചൂണ്ടിക്കാണിക്കുവാൻ. ഈ രണ്ടു കാരണങ്ങൾകൊണ്ടും തൃപ്തിപ്പെടാത്തവർ ഇത് ഒരു അസംതൃപ്തന്റെ ജല്പനങ്ങളായി കണക്കാക്കിയാൽ മതി.

നമ്മുടേതുപോലെയുള്ള ഒരു രാജ്യത്ത് അധികാരവും ധനവും മാത്രമല്ല സർക്കാരിന്റെ കുത്തകയായിരിക്കുന്നത്. വാക്കുകളുടെ ഉച്ചാരണവും സംഗീതത്തിന്റെ ശ്രുതിയും ഭരണാധികാരിയുടെ തറവാട്ടു മുതലാണ്. സിവിൽലിസ്റ്റിലെ നിലവാരമനുസരിച്ചാണ് അഭിപ്രായങ്ങൾ വിലമതിക്കപ്പെടുന്നത്. ചുരുക്കം ചില ഉദാഹരണങ്ങൾ മാത്രമെടുക്കാം.


അഖിലേന്ത്യാ റേഡിയോയുടെ ലക്ഷ്യം നമ്മുടെയൊക്കെ സംസ്കാരം പൊക്കുകയാണെന്നാണ് വെയ്പ്. അതിനുവേണ്ടി ഈ പാവപ്പെട്ട രാജ്യത്ത് റേഡിയോ വാങ്ങിക്കുന്ന നിർഭാഗ്യവാന്മാരുടെയടുത്തുനിന്ന് ഒരു വലിയ തുക പിരിച്ചെടുക്കുന്നുണ്ട്[1]. ഒരൊറ്റ അക്ഷരം എങ്കിലും നല്ലതു പറയാൻ ഇല്ലാത്ത ഒരു കറക്കുകമ്പനിയാണിത്. ഉയർന്ന സ്ഥാനങ്ങളിൽ കയറിപ്പറ്റി പ്രമാണികളുടെ ശ്വശുരവിഡ്ഢികൾക്ക് സുഖമുള്ള ആസനങ്ങൾ സൃഷ്ടിക്കുകയല്ലാതെ ഇതുകൊണ്ട് യാതൊന്നും ഇന്നുവരെ സാധിച്ചിട്ടില്ല. ആ ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനങ്ങൾ ഒന്നൊന്നായി എടുത്തുനോക്കാം. അവരുടെ വർത്തമാന പ്രക്ഷേപണങ്ങളെക്കാൾ ഭേദമായിട്ടാണ് നമ്മുടെ അരയന്ന പത്രങ്ങൾ ന്യൂസ് കൊടുക്കുന്നത്. അത് എഴുതുന്നത് (മലയാളത്തെ സംബന്ധിച്ച്) 'റേഡിയോ' എന്നൊരു പുതിയ ഭാഷയിലാണ്, വായിക്കുന്നത് 'റേഡിയോ' രാഗത്തിലും. സംഗീതമാണ് നമ്മുടെ റേഡിയോയുടെ പ്രധാനതൊഴിൽ. അതു നന്നാകാൻ വളരെ ന്യായമുണ്ട്. പാറപ്പുറത്ത് ചിരട്ടയിട്ടുരക്കുന്നതുപോലെയുള്ള ശബ്ദത്തിൽ ചില തെന്നിന്ത്യക്കാർ (ശാസ്ത്രീയമായിട്ടാണത്രേ) ഞരങ്ങുന്നതു മാത്രമാണ് സംഗീതം! ഫിലിമിലെ പാട്ടു വേണമെന്നല്ല ഞാൻ പറയുന്നത്. പക്ഷേ, ഈ ഭാഗവതരന്മാർ മാതമല്ല, സംഗീതം എന്നുമാത്രം. പാശ്ചാത്യസംഗീത ഉപകരണങ്ങൾ മുഴുവനും എടുത്തുകളയണമെന്ന ആജ്ഞയും ഓർക്കസ്ട്രായ്ക്കു പകരം 'വാദ്യവൃന്ദ' പ്രയോഗവും കൂടിയായപ്പോൾ കാര്യം കേമമായി. ഡൽഹിയിലെ രാജകീയവിരുന്നുകൾക്ക് സാമ്പാറും ചുക്കുവെള്ളവും മാത്രമാകുന്ന കാലം അതിവിദൂരമല്ലെന്നു തോന്നുന്നു. ഏതായാലും ഒരാശ്വാസമുണ്ട്, ഈ ഭാഗവതരന്മാർക്കെങ്കിലും കുറെ പണം കൊടുക്കുന്നുണ്ടല്ലോ. നാടോടിപ്പാട്ടാണ് മറ്റൊരിനം. ഇത് ഉണ്ടാക്കേണ്ടത് ദിവസക്കൂലിക്ക് പണിയെടുക്കുന്ന ഒരു വർഗ്ഗമാണ്. പട്ടിണി ശമ്പളവും തീരാത്ത ജോലിയുമായി കഴിയുന്ന ഈ സാധുമനുഷ്യർ (അവർക്ക് കലാകാരന്മാർ എന്ന അധിക്ഷേപപ്പേരും ഔദ്യോഗികമായി നല്കിയിട്ടുണ്ട്). ഇല്ലായിരുന്നെങ്കിൽ നമ്മുടെ റേഡിയോ സ്റ്റേഷനുകളിൽനിന്ന് എന്തു സാധനമാണ് പുറത്തുവരിക എന്നു ഞാൻ സംശയിച്ചിട്ടുണ്ട്. ഇവരിൽ പലരും കഴിവുള്ളവരാണ്. പക്ഷേ, ജോലി കൂടുതലും സൗകര്യക്കുറവും കൊണ്ട് അവരുടെ സൃഷ്ടികൾ രണ്ടാംതരമായിത്തീരുകയാണ്. നാടകമാണ് മറ്റൊരിനം. കുറെ ഞരങ്ങുകയും മൂളുകയും കിതയ്ക്കുകയും ചെയ്താൽ റേഡിയോ നാടകമായി എന്നാണവരുടെ പക്ഷം. അങ്ങനെയാണ് (ഒരു മണിക്കൂർ നേരത്തേയ്ക്ക്) എഴുതിയുണ്ടാക്കിയാൽ ഉറുപ്പിക നാല്പത്തഞ്ച്! പിന്നെ ചില 'ഫീസ്' ഉണ്ട്. കപ്പ (മരച്ചീനി) വേവിക്കുന്നതെങ്ങനെ, പച്ചവെള്ളം കുടിക്കുന്നതെങ്ങനെ, മുതലായ വിഷയങ്ങളെപ്പറ്റി. ഇങ്ങനെ പറഞ്ഞുപോയാൽ ഒരവസാനമില്ല. സംസ്കാരത്തിന്റെ രംഗത്തെങ്കിലും ഈ ഉദ്യോഗസ്ഥ മേധാവിത്തം അവസാനിച്ചിരുന്നെങ്കിൽ എന്ന് പലപ്പോഴും ആശിച്ചിട്ടുണ്ട്. അവർക്ക് ഭാരിച്ച തുകകൾ ശമ്പളം കൊടുക്കുന്നതിൽ എനിക്ക് എതിരഭിപ്രായമില്ല. പക്ഷേ, അവർ റേഡിയോസ്റ്റേഷനിൽനിന്ന് അമ്പത് മൈലകലെയെങ്കിലും താമസിക്കണമെന്നേർപ്പാട്ട് ചെയ്താൽ മതി. അതത് നാട്ടിലെ ഭാഷയറിയാവുന്നയാളെ ഡയറക്ടറായി നിയമിച്ചുകൂടാ എന്നു നിയമമുണ്ടോ എന്നെനിക്കറിയില്ല, പക്ഷേ, അതത് നാട്ടിൽ എന്തെങ്കിലും കലയിൽ പ്രാവീണ്യമുള്ളവരെ റേഡിയോ സ്റ്റേഷനകത്തു കടത്തരുതെന്ന് ഭരണഘടനയിൽ ഉണ്ടെന്നാണ് എന്റെ ബലമായ സംശയം. അഥവാ, അങ്ങനെ പറ്റിപ്പോയാൽ (പ്രത്യേകിച്ചും സാഹിത്യകാരന്മാർ) അണ്ടർഗ്രൗണ്ടാകണമെന്നു നിയമമുണ്ട്. കേശവദേവ് തൊണ്ണൂറുരൂപാ ശമ്പളത്തിനു റേഡിയോയുടെ എഴുത്തുകാരനായാൽ പിന്നെ അദ്ദേഹം അപക്ഷേപിക്കുന്നതോ എഴുതുന്നതോ യാതൊന്നും സ്വന്തം പേരിലായിക്കൂടത്രെ. അതെ, ഇവരൊക്കെ റേഡിയോയിലുണ്ടെന്നു വരുന്നത് റേഡിയോയ്ക്ക് മാനക്കേടാണ്. ഓരോന്നിലുമുണ്ടല്ലോ, അതിന്റേതായ ഒരു പേരും പാരമ്പര്യവും. ഇതൊന്നും പറഞ്ഞിട്ടു വലിയ പ്രയോജനമില്ലെന്ന് എനിക്കറിയാം. പക്ഷേ, നമ്മുടെ കൈയിൽനിന്ന് ബലമായി പിരിക്കുന്ന നികുതിയിൽ ഒരു പങ്കെങ്കിലും സിലോൺ, ഗോവ എന്നീ റേഡിയോസ്റ്റേഷനുകൾക്ക് നല്കിക്കൂടേ? അവരുടേതാണല്ലോ നാം സാധാരണ കേൾക്കാറുള്ളത്.

ഓരോരോ രാഷ്ട്രീകസേരകളിൽ നിന്ന് പുറംതള്ളപ്പെട്ട വസ്തുക്കളെ വൈസ്ചാൻസലറന്മാരായി നിയമിക്കുക, നാട്ടിലെ പ്രധാന വക്കീലന്മാരെ പഠനവിഭാഗങ്ങളുടെ സർവ്വാധികാരിയാക്കുക, അമ്പതോ, നൂറോ വർഷംമുമ്പ് വേണ്ടിയിരുന്ന പാഠ്യപദ്ധതികൾ നിലനിറുത്തുക—എന്തിന് പറയുന്നു, നമുക്ക് യൂണിവേഴ്സിറ്റികൾ ചെയ്യുന്ന സേവനം പരിശോധിക്കാതിരിക്കുകയാണ് ഭേദം.

1. അക്കാലത്ത് റേഡിയോയ്ക്ക് ലൈസൻസ് എടുക്കണമായിരുന്നു. പോസ്റ്റ് ഓഫീസായിരുന്നു ലൈസൻസ് നല്കിയിരുന്നത്—സായാഹ്ന.


മറ്റൊന്ന് വിദ്യാഭ്യാസരംഗമാണ്. ഉപരിപഠനത്തിനായി നല്ല ഒരു സംഖ്യ ചെലവാക്കുന്നുണ്ടെന്നാണ് സർക്കാർ അഭിമാനിക്കുന്നത്. ഉദ്യോഗക്കയറ്റത്തിനല്ലാതെ ഈ അവസരം പ്രയോജനപ്പെട്ടിട്ടുള്ള എത്ര ഉദാഹരണങ്ങൾ നമുക്കു കാണാൻ കഴിയും. ഓരോരോ രാഷ്ട്രീകസേരകളിൽ നിന്ന് പുറംതള്ളപ്പെട്ട വസ്തുക്കളെ വൈസ്ചാൻസലറന്മാരായി നിയമിക്കുക, നാട്ടിലെ പ്രധാന വക്കീലന്മാരെ പഠനവിഭാഗങ്ങളുടെ സർവ്വാധികാരിയാക്കുക, അമ്പതോ, നൂറോ വർഷംമുമ്പ് വേണ്ടിയിരുന്ന പാഠ്യപദ്ധതികൾ നിലനിറുത്തുക—എന്തിന് പറയുന്നു, നമുക്ക് യൂണിവേഴ്സിറ്റികൾ ചെയ്യുന്ന സേവനം പരിശോധിക്കാതിരിക്കുകയാണ് ഭേദം.

വിദേശത്തുള്ള ഉപരിപഠനം, സർക്കാർ ചലച്ചിത്രം, സെൻസർബോർഡുകൾ മുതലായ നമ്മുടെ സംസ്കാരത്തെപ്രതി ഭരണവർഗ്ഗം ചെയ്യുന്ന ഓരോന്നിനെയും എടുത്തുനോക്കിയാൽ കാണുന്നത് ഒരൊറ്റ കാര്യം മാത്രമാണ്. ഒരു ജനതയുടെ സംസ്കാരം നശിക്കും, ആ ജനതയും നശിക്കും.



അബ്ദുൾ കലാം ആസാദ്

ഇൻഡ്യയിലെ പ്രധാനമന്ത്രി ഒരു സാഹിത്യകാരനാണ്. വിദ്യാഭ്യാസമന്ത്രി ഒരു പണ്ഡിതനാണ്. പാർലമെന്റിൽ കലാകാരന്മാർക്കു പ്രാതിനിധ്യവുമുണ്ട്. എന്നിട്ടും, ഇതെല്ലാം എങ്ങനെ സംഭവിച്ചു എന്നാണ് അത്ഭുതം. സിംഹാസനങ്ങളുടെ ചൂട് മനുഷ്യരെ അന്ധരാക്കുമായിരിക്കാം. ആരറിഞ്ഞു! കാരണമതല്ലെങ്കിൽ പിന്നെ അശ്രദ്ധയാണ്. രാഷ്ട്രീയചതുരംഗക്കളിയോടു തട്ടിച്ചുനോക്കുമ്പോൾ സംസ്കാരം ഒരു അപ്രധാനകാര്യമായിത്തീരുന്നുണ്ടായിരിക്കാം. ഈ അശ്രദ്ധയെ പരിഹരിക്കാൻ മാർഗ്ഗമുണ്ടോ? എനിക്കൊരു മാർഗ്ഗവും കാണാൻ കഴിയുന്നില്ല. ഉദ്യോഗസ്ഥന്മാർ മുകളിലുള്ള ഉദ്യോഗങ്ങളിലേക്കും, ജനപ്രതിനിധികൾ മന്ത്രിക്കസേരകളിലേക്കും കേന്ദ്രീകരിച്ചിരിക്കുമ്പോൾ ആരാണ് റേഡിയോ നന്നാക്കാൻ ഇറങ്ങിത്തിരിക്കുക? ഈ പ്രമാണികൾ വിചാരിച്ചാലല്ലാതെ ഇത് നന്നാകയുമില്ല. അവർക്കാണെങ്കിൽ അനുമോദനയോഗങ്ങളും ശിലാസ്ഥാപനങ്ങളും കഴിഞ്ഞ് ഒന്നിനും സമയമില്ല. അവർ കേൾക്കുന്നില്ല. പിന്നെ റേഡിയോ എങ്ങനെയിരിക്കുന്നുവെന്ന് എങ്ങനെയറിയും? അവർ വായന നിറുത്തിയിട്ട് കാലം കുറെയായി; പിന്നെ പുസ്തകമെഴുത്ത് എവിടെക്കിടന്നാലെന്താണ്. ഞാൻ ഈ ലേഖനം എഴുതുന്നത് ബി. ബി. സി.-യുടെ 'ലിസനറി'ന്റെ പുറത്തു വെച്ചാണ്. ലോകത്തിലേക്കും നല്ല ഈ വാരിക ഇവിടെ മൂന്നണയ്ക്ക്…



നെഹ്റു

തെറ്റി. എനിക്ക് പിന്നെയും തെറ്റി. ഞാൻ സ്വപ്നം കാണുകയാണ്. പോസ്റ്റ്കവറിനു രണ്ടണയാക്കി, ടെലഫോണിന് വാക്കെണ്ണി പണംപിടുങ്ങി, ഹിന്ദി പഠിപ്പിക്കാൻ ചെലവാക്കുന്ന ഒരു സർക്കാർ, പുസ്തകമച്ചടിക്കാനുള്ള വെള്ളക്കടലാസിന് ചുങ്കം വർദ്ധിപ്പിക്കുകയല്ലാതെ സംസ്കാരത്തിനെന്തുചെയ്യുമെന്ന് പ്രതീക്ഷിക്കണം?

പൂനാ മലയാളി 1950.
അന്വേഷണങ്ങൾ 2004.

□

# സി. ജെ. തോമസ്



മലയാളഭാഷയിലെ ഒരു നാടകകൃത്തും സാഹിത്യ നിരൂപകനുമായിരുന്ന സി. ജെ. തോമസ് (നവംബർ 14, 1918–ജൂലൈ 14, 1960) എന്നറിയപ്പെടുന്ന ചൊള്ളമ്പേൽ യോഹന്നാൻ തോമസ്. മലയാള നാടകസാഹിത്യത്തെ ആധുനിക ഘട്ടത്തിലെത്തിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ച ഇദ്ദേഹം പത്രപ്രവർത്തകൻ, ചിത്രകാരൻ എന്നീ നിലകളിലും അറിയപ്പെട്ടിരുന്നു.

1918-ൽ കുത്താട്ടുകുളത്തെ പ്രമുഖ ക്രിസ്തീയ വൈദികന്റെ മകനായി ജനിച്ച സി. ജെ. വൈദിക വിദ്യാർത്ഥിയായിരിക്കുന്ന സമയത്ത് ളോഹ ഉപേക്ഷിച്ച് തിരിച്ചുപോന്ന് വിപ്ലവം സൃഷ്ടിച്ചു. രണ്ട് വർഷക്കാലം വടകര സെന്റ് ജോൺസ് ഹൈസ്കൂളിലും തുടർന്ന് എം. പി. പോൾസ് കോളേജിലും അധ്യാപകനായി ജോലിനോക്കിയിരുന്ന അദ്ദേഹം പിന്നീട് അവസാനം വരെ പത്രപ്രവർത്തനരംഗത്ത് സജീവമായിരുന്നു. സാഹിത്യ പ്രവർത്തക സഹകരണസംഘം, ആകാശവാണി, ദക്ഷിണഭാഷാ ബുക്ക് ട്രസ്റ്റ് എന്നിവയിലും പ്രവർത്തിച്ചു.

സാഹിത്യ പ്രവർത്തക സഹകരണസംഘം വക പുസ്തകങ്ങളുടെ പുറംചട്ടകൾക്ക് അത്യധികം ആകർഷകങ്ങളായ ചിത്രങ്ങൾ വരച്ച് മലയാള പുസ്തകങ്ങളുടെ പുറംചട്ട രൂപകല്പനയുടെ രംഗത്ത് മാറ്റങ്ങളുടെ തുടക്കം കുറിച്ചത് സി. ജെ.-യാണ്.

പ്രസിദ്ധ സാഹിത്യകാരനായിരുന്ന എം. പി. പോളിന്റെ മൂത്ത പുത്രി റോസിയെയാണ് വിവാഹം ചെയ്തത്. റോസി തോമസ് സി. ജെ.-യുടെ മരണശേഷം അറിയപ്പെടുന്ന സാഹിത്യകാരിയായി.

പ്രശസ്ത കവയിത്രി മേരി ജോൺ കുത്താട്ടുകുളം സി. ജെ. തോമസിന്റെ മൂത്ത സഹോദരിയായിരുന്നു. 1960 ജൂലൈ 14-ന് 42-ാം വയസ്സിൽ സി. ജെ. അന്തരിച്ചു.

RIVER VALLEY
DIGITAL LIBARY
*empowering the author ...*

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപതു് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

| രാജ്യം | കറൻസി | വരിസംഖ്യ |
|---|---|---|
| ഇന്ത്യ<br>(119 വീതം ആറു മാസത്തിലൊരിക്കൽ) | രൂപ | 238 |
| യുഎസ്, കാനഡ | യുഎസ് ഡോളർ | 10 |
| യൂറോപ് | യൂറോ | 10 |
| മറ്റു വികസിത രാഷ്ട്രങ്ങൾ | യുഎസ് ഡോളർ | 10 |
| ഖത്തർ | റിയാൽ | 20 |
| യുഎഇ | ദിർഹം | 20 |
| സൗദി അറേബ്യ | റിയാൽ | 20 |
| കുവൈറ്റ് | ദിനാർ | 2 |
| ഒമാൻ | ദിനാർ | 2 |
| ബഹറിൻ | ദിനാർ | 2 |
| മലേഷ്യ | റിങ്കിറ്റ് | 25 |

- പ്രസാധകരുടെ നിരന്തരചൂഷണത്തിനു വിധേയരായിക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്കു് ഉപയോഗിക്കുക എന്നിവയാണു് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണു് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ച് അറിയുക
  3. Who’s who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കു് അയയ്ക്കുക.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014